**File No.LSGD-FM2/240/2019-LSGD**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലാ- അയിരൂർ ഗ്രാമ പഞ്ചായത്ത് മാനവ മൈത്രി ചതയ ജലോത്സവം -2019 -തനത് ഫണ്ട് ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1727/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **23/09/2020**

പരാമർശം:-1.അയിരൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 3/3/20 ലെ A3/300/19 നമ്പർ അപേക്ഷ

2. പഞ്ചായത്തു ഡയറക്ടർ സമർപ്പിച്ച 29/06/2020 തീയതിയിലെ PAN/12150 /2019 -G1 -(DP) നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആണ്ടു തോറും ചിങ്ങ മാസത്തിലെ ചതയം നാളിൽ മാനവമൈത്രി ചതയ ജലോത്സവം എന്ന പേരിൽ വിവിധ കരകളിലെ പള്ളിയോടങ്ങൾ പങ്കെടുക്കുന്ന ജലമേള നടത്തി വരുന്നുണ്ട്. 2019 വർഷത്തെ ജലോത്സവം സെപ്റ്റംബർ 13 ന് നടത്തുകയും ആയതിന് തനതു ഫണ്ടിൽ നിന്നും 447237 /-രൂപ ചെലവായതായി അയിരൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കമ്മിറ്റി തീരുമാനത്തോടൊന്നിച്ച് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആയതിന് സാധൂകരണം നല്കുന്നതിലേക്കായി പഞ്ചായത്തു ഡയറക്ടർ പരാമർശം 2 കത്ത് പ്രകാരം ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമ പഞ്ചായത്തിൽ ചിങ്ങ മാസത്തിലെ ചതയം നാളിൽ ( 2019 സെപ്റ്റംബർ 11 ) ന് പമ്പാനദിയിൽ പുതിയ കാവ് ദേവീക്ഷേത്രം കടവിൽ വച്ച് നടന്ന മാനവമൈത്രി ചതയ ജലോത്സവ നടത്തിപ്പിനും മുന്നൊരുക്കങ്ങൾക്കുമായി ഗ്രാമപഞ്ചായത്ത് 447237 / - രൂപ (നാല് ലക്ഷത്തി നാല്പത്തി ഏഴായിരത്തി ഇരുനൂറ്റി മുപ്പത്തി ഏഴ് രൂപ) ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, അയിരൂർ ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Validity unknown

Digitally signed by S BINDU
Date: 2020.09.23 16:23:51 IST
Reason: Approved